# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 30 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


### ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ പതിനൊന്നാമത് ബിരുദദാനം നടത്തി

## ആരോഗ്യ സമ്പ്രദായങ്ങൾ പരസ്പരം അംഗീകരിക്കാത്തത് വ്യാജവൈദ്യൻമാർ ചൂഷണം ചെയ്യുന്നു: ഗവർണർ

മിക്ക ആരോഗ്യ സമ്പ്രദായങ്ങളും പരസ്പരം അംഗീകരിക്കാൻ മടി കാണിക്കുന്ന സാഹചര്യത്തെ ഏതെങ്കിലും ചികിത്സാ സമ്പ്രദായമോ മരുന്നോ അനുവർത്തിക്കാത്ത വ്യാജവൈദ്യൻമാർ ചൂഷണം ചെയ്യുകയാണെന്ന് ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം പറഞ്ഞു. കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ പതിനൊന്നാമത് ബിരുദദാനം നടത്തിയ ശേഷം പ്രഭാഷണം നടത്തുകയായിരുന്നു സർവകലാശാല ചാൻസലറായ ഗവർണർ. യോഗ്യരായ ഡോക്ടർമാർ വിവിധ ആരോഗ്യ സമ്പ്രദായങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള പഠനവും ഗവേഷണവും നടത്തുന്നത് പരിഗണിക്കണമെന്ന് ഗവർണർ നിർദേശിച്ചു. ഇതിന്റെ നേട്ടം സമൂഹത്തിന് ലഭിക്കും. ഇത്തരം ഗവേഷണ സ്‌കൂളുകൾക്ക് കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല വഴികാട്ടണം. ഇൻറർനെറ്റിലെ സൗജന്യ വെബ്‌സൈറ്റുകളിലൂടെ ലഭിക്കുന്ന വിവരങ്ങൾ വെച്ച് ഡോക്ടർമാരെ ചോദ്യം ചെയ്യുന്ന പ്രവണത ഏറിവരികയാണ്. ആരോഗ്യ കാര്യങ്ങളെക്കുറിച്ച് ലഭിക്കുന്ന തെറ്റായ, പാതിവെന്ത വിവരങ്ങൾ പ്രചരിപ്പിക്കപ്പെടുന്നതിനെതിരെ ഡോക്ടർമാർ രംഗത്ത് വരണം.

ഡോക്ടറെ സംബന്ധിച്ചേടത്തോളം രോഗി എന്നത് ഉപഭോക്താവല്ലെന്നും നാം ജീവിക്കുന്ന സമൂഹത്തിന്റെ പരിച്ഛേദമാണെന്നും ഗവർണർ പറഞ്ഞു. സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരിക്കേ വാഹനാപകടങ്ങൾ സംബന്ധിച്ച് നടപടി ആവശ്യപ്പെട്ട് പൊതുതാൽപര്യ ഹരജിയുമായി ഒരു ഓർത്തോപീഡിക് സർജൻ സുപ്രീംകോടതി ഹാളിലെത്തിയ കാര്യം ഗവർണർ അനുസ്മരിച്ചു. വാഹനാപകടത്തിൽ പരിക്കേൽക്കുന്നവരെ ആശുപത്രിയിലെത്തിക്കേണ്ടത് അപകടം ശ്രദ്ധയിൽപ്പെടുന്ന പൗരന്റെ ബാധ്യതയാണെന്ന് സുപ്രീംകോടതി നിർദേശിക്കുന്നതിലേക്ക് നയിച്ചത് ഇതായിരുന്നു. രോഗിയുടെ ജീവൻ രക്ഷിക്കുകയാണ് ഡോക്ടറുടെ പ്രാഥമിക കടമയെന്നും ഡോക്ടർമാർ നൈതികതയിൽ പൂർണത കൈവരിക്കണമെന്നും ഗവർണർ പറഞ്ഞു. വൈദ്യശാസ്ത്രത്തിലെ നൈതിക പ്രശ്ന മേഖല വിപുലമായിട്ടുണ്ട്. സാങ്കേതികമായ ഓരോ കുതിപ്പിനു പിന്നിലും ഒരു നൈതിക പ്രശ്നം മറഞ്ഞിരിക്കുന്നു. നിയമപരവും നൈതികപരവുമായ പ്രശ്നങ്ങളെ നേരിടുന്നതിൽ വൈദ്യശാസ്ത്രമേഖലയിലുള്ളവർ ഇരട്ടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നാം നമ്മുടെ വൈദ്യശാസ്ത്രപരമായ അറിവും കഴിവും പുതുക്കിയത് നിപ്പ രോഗത്തെ നേരിട്ടതിൽ ദൃശ്യമായിരുന്നു. നിപ്പയെ നേരിട്ടതിൽ ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചറുടെ സേവനം മറക്കാവുന്നതല്ലെന്നും ഗവർണർ പറഞ്ഞു.

സർവകലാശാല പ്രൊ ചാൻസലറായ ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ മുഖ്യപ്രഭാഷണം നടത്തി. രാജ്യം ആരോഗ്യ മേഖലയ്ക്ക് ജി.ഡി.പിയുടെ രണ്ട് ശതമാനം നീക്കി വെച്ചിരുന്നത് ഇപ്പോൾ ഒരു ശതമാനം മാത്രമായി ചുരുങ്ങിയെന്ന് മന്ത്രി പറഞ്ഞു. അത് അഞ്ചോ ആറോ ശതമാനമെങ്കിലും ആയാൽ മാത്രമേ ആരോഗ്യമേഖലയെ രോഗീസൗഹൃദമായി മെച്ചപ്പെടുത്താൻ കഴിയൂ. സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ആരോഗ്യ മേഖലയിൽ 5200 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അടുത്ത് രണ്ട് വർഷക്കാലം കഴിയാവുന്നത്ര തസ്തികകൾ സൃഷ്ടിക്കും. 200 ഗവ. ആശുപത്രികൾ കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുമെന്നും മന്ത്രി പറഞ്ഞു. രോഗികളോട് നന്നായി പെരുമാറണമെന്ന് വിദ്യാർഥികളോടായി മന്ത്രി പറഞ്ഞു. സേവനമാണ് സ്നേഹം, സേവനമാണ് ഭക്തി, സേവനം തന്നെയാണ് മനുഷ്യ സ്നേഹം-മന്ത്രി ഓർമ്മിപ്പിച്ചു.

ചടങ്ങിൽ വൈസ് ചാൻസലർ ഡോ.എം.കെ.സി നായർ, പ്രൊ വൈസ് ചാൻസലർ ഡോ. എ.നളിനാക്ഷൻ, രജിസ്ട്രാർ ഡോ. എ.കെ. മനോജ് കുമാർ, വിദ്യാർഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ സംബന്ധിച്ചു.

## ആരോഗ്യ സർവകലാശാലയിൽ 5403 വിദ്യാർഥികളുടെ ബിരുദദാനം നടത്തി

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ പതിനൊന്നാമത് ബിരുദദാന ചടങ്ങിൽ സർവകലാശാലക്ക് കീഴിലെ 5403 വിദ്യാർഥികൾക്ക് ബിരുദദാനം നടത്തി. സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലയിലെ കോളജുകളിൽനിന്ന് മെഡിസിനിൽ 2500, ഡെൻറൽ സയൻസിൽ 525, ആയുർവേദത്തിൽ 279, ഹോമിയോപ്പതിയിൽ 124, സിദ്ധയിൽ പത്ത്, നഴ്സിംഗിൽ 595, ഫാർമസിയിൽ 915, അലൈഡ് ഹെൽത്ത് സയൻസസിൽ 455 എന്നിങ്ങനെ ആകെ 5403 വിദ്യാർഥികൾക്കാണ് ചടങ്ങിൽ ബിരുദദാനം നിർവഹിച്ചതായി പ്രഖ്യാപിച്ചത്. ഇവരിൽ ബിരുദാനന്തര ബിരുദം, ബിരുദാനന്തര ഡിപ്ലോമ, മെഡിക്കൽ സൂപ്പർ സ്പെഷാലിറ്റി നേടിയ 1112 പേർ ചടങ്ങിൽ നേരിട്ട് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

ബിരുദ കോഴ്സുകളിൽ ഒന്നാം റാങ്ക് നേടിയ ജസ്നി വി. ജോസ്-ബി.എ.എം.എസ്, തിരുവനന്തപുരം ഗവ. ആയുർവേദ മെഡിക്കൽ കോളജ്, അഞ്ജന ആർ. കൃഷ്ണ-ബി.എച്ച്.എം.എസ്, തിരുവനന്തപുരം ഗവ. ഹോമിയോപ്പതി മെഡിക്കൽ കോളജ്, എസ്. അപർണ-ബി.എസ്.എം.എസ്, തിരുവനന്തപുരം ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളജ്, സി. ഐശ്വര്യ വേണു-ബി.ഫാം ആയുർവേദ, എം.വി.ആർ മെമ്മോറിയൽ ആയുർവേദ മെഡിക്കൽ കോളജ്, മരിയ ദേവസ്സി-ബി.ഫാം, ചാലക്കുടി സെൻറ് ജെയിംസ് കോളജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, എം. മീന നായർ-ബി.പി.ടി, എ.ഡബ്ല്യു.എച്ച്. സ്പെഷൽ കോളജ്, കോഴിക്കോട്, എസ്. കാവ്യ-ബി.എ.എസ്.എൽ.പി, ബേബി മെമ്മോറിയൽ കോളജ് ഓഫ് അലൈഡ് മെഡിക്കൽ സയൻസ്, കോഴിക്കോട് എന്നീ വിദ്യാർഥികൾക്ക് ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം കാഷ് അവാർഡും ഉപഹാരവും സമ്മാനിച്ചു.

## കുതിരാൻ: ദേശീയപാത അതോറിറ്റി ജനറൽ മാനേജർ ഇന്ന് (ശനി) ജില്ലാ കളക്ടർ മുമ്പാകെ നേരിട്ട് ഹാജരാകണം

മണ്ണുത്തി ദേശീയപാതയിലെ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവച്ച പശ്ചാത്തലത്തിൽ ദേശീയ പാത അതോറിറ്റി ജനറൽ മാനേജർ ആശിഷ് ദിവേദിയോട് ഇന്ന് (ശനി) ഉച്ചയ്ക്ക് രണ്ടിന് ജില്ലാ കളക്ടർ മുമ്പാകെ നേരിട്ട് ഹാജരാകാനും തുടർന്ന് വി.എസ് സുനിൽകുമാറിൻേറ നേതൃത്വത്തിൽ നടക്കുന്ന കുതിരാൻ സന്ദർശനത്തിൽ അനുഗമിക്കാനും മന്ത്രി വി എസ് സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗം നിർദേശം നൽകി. വെള്ളി, ശനി ദിവസങ്ങളിലായി പാതയിലെ വലിയ കുഴികൾ അടയ്ക്കാൻ ജില്ലാ കളക്ടർ എസ്. ഷാനവാസ് യോഗത്തിൽ ഹാജരായ കരാർ കമ്പനി പ്രതിനിധികളോട് ആവശ്യപ്പെട്ടു. കരാർ കമ്പനി പ്രതിനിധികൾക്കും ദേശീയപാത അതോറിറ്റി അധികൃതർക്കുമെതിരെ വഞ്ചനാ കുറ്റം ഉൾപ്പടെയുള്ള വകുപ്പുകൾ ഉൾപ്പെടുത്തി പുതിയ കേസ് രജിസ്റ്റർ ചെയ്യാനും, മുമ്പ് രജിസ്റ്റർ ചെയ്ത കൊലക്കുറ്റം ഉൾപ്പടെയുള്ള കേസുകളിൽ ഹൈക്കോടതി നൽകിയ സ്റ്റേ നീക്കം ചെയ്യുന്നതിനാവശ്യമായ നിയമപരമായ നടപടികളുമായി മുന്നോട്ടുപോകാനും സിറ്റി പോലീസ് കമ്മീഷണർക്ക് നിർദേശം നൽകി.

ഞായറാഴ്ച്ചയ്ക്കുള്ളിൽ പാതയിലെ അറ്റകുറ്റപണികൾ ആരംഭിക്കാമെന്നും ഇതോടൊപ്പം കുതിരാൻ തുരങ്കത്തിലൂടെ ഭാഗികമായി ഗതാഗതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും കഴിഞ്ഞദിവസം നടന്ന ചർച്ചയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരന് ദേശീയപാത അതോറിറ്റി അധികൃതർ ഉറപ്പുനൽകിയിരുന്നു. വീഴ്ച്ചയുണ്ടായാൽ അറസ്റ്റ് ഉൾപ്പടെയുള്ള കർശന നടപടികളുമായി മുന്നോട്ടുപോകാനും കളക്ടറുടെ ചേംബറിൽ ചേർന്ന യോഗം തീരുമാനമെടുത്തു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദേശം നൽകും. കൃഷിവകുപ്പ് മന്ത്രിയോടൊപ്പം ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, ടി.എൻ. പ്രതാപൻ എം.പി., ജില്ലാ കള

കൂർ എന്നിവരും ഇന്ന് (ശനി) ഉച്ചതിരിഞ്ഞ് കുതിരാനിൽ സന്ദർശനം നടത്തും. സെപ്തംബർ രണ്ടിന് വനംവകുപ്പ് മന്ത്രി കെ. രാജുവിൻെറ അധ്യക്ഷതയിൽ കുതിരാൻ തുരങ്കനിർമ്മാണവുമായി ബന്ധപ്പെട്ട് വനഭൂമി കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട അടിയന്തിര യോഗം കളക്ടറേറ്റിൽ നടക്കും. രൂക്ഷമായ യാത്രാക്കുരുക്കിനെ തുടർന്ന് ദേശീയപാതയിലെ യാത്രക്കാർക്ക് സാധ്യമായ എല്ലാ സഹായങ്ങളും ചെയ്ത് നൽകാൻ യോഗം ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, ടി.എൻ. പ്രതാപൻ എം.പി, എം.എൽ.എമാരായ മുരളി പെരുനെല്ലി, അനിൽ അക്കര, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അനിത കെ.വി., സിറ്റി പോലീസ് കമ്മീഷണർ യതീഷ് ചന്ദ്ര, സബ്ബ് കളക്ടർ അഫ്സാന പർവീണ്‍, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കരാർ കമ്പനി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## മാതൃക അദ്ധ്യാപകനുള്ള അവാർഡ് ശ്രീനാരായണപുരം സ്വദേശി ഹരീഷിന്

മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡിനർഹനായ ഹരീഷ് മാഷെ തേടിയെത്തിയത് അർഹതയ്ക്കുള്ള അംഗീകാരം. കയ്പമംഗലം ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പ്രധാനാധ്യാപകനായ ശ്രീനാരായണപുരം സ്വദേശി കെ കെ ഹരീഷ്കുമാറിനാണ് ഈ വർഷത്തെ മാതൃക അധ്യാപകനുള്ള അവാർഡ് ലഭിച്ചത്. അധ്യാപക ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡ് സമ്മാനിക്കും. ആദ്യമായി അപേക്ഷിച്ചപ്പോൾ തന്നെ അധ്യാപക അവാർഡ് ലഭിച്ച സന്തോഷത്തിലാണ് ഹരീഷും സഹപ്രവർത്തകരും വിദ്യാർത്ഥികളും. രണ്ട് വർഷം മുമ്പാണ് ഇദ്ദേഹം കൈപ്പമംഗലം ഫിഷറീസ് സ്കൂളിലെത്തുന്നത്. സ്കൂൾ വളപ്പിലെ പച്ചക്കറി കൃഷി, ഗണിതപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ, മെച്ചപ്പെട്ട സ്കൂൾ ലൈബ്രറി, എൻഎസ്എസ്, സ്കൗട്ട് ആൻഡ് ഗൈഡ് യൂണിറ്റുകൾ, സജീവമായ പിടിഎ, കാർഷിക പരിപാടികൾ തുടങ്ങി നിരവധി മാതൃകാ പ്രവർത്തനങ്ങളാണ് ഇദേഹത്തിന്റെ നേതൃത്വത്തിൽ സ്കൂളിൽ നടപ്പാക്കി വരുന്നത്. വിവിധ സാഹചര്യങ്ങളിൽ നിന്നുമെത്തുന്ന വിദ്യാർഥികളെ പാഠ്യപാഠ്യേതര രംഗത്ത് മികവുറ്റവരാക്കാൻ ഇദേഹത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ശ്രമങ്ങൾ ജനശ്രദ്ധയാകർഷിച്ചതാണ്. 1983 ൽ വേങ്ങര യു പി സ്കൂളിൽ താൽക്കാലിക അധ്യാപകനായി അധ്യാപക മേഖലയിൽ പ്രവർത്തനമാരംഭിച്ച കണക്കുംപറമ്പിൽ ഹരീഷ് ഈ രംഗത്ത് മാതൃകാപരമായ 36 വർഷങ്ങൾ പൂർത്തിയാക്കി. അടുത്ത വർഷം റിട്ടയർ ചെയ്യാനിരിക്കവെയാണ് അവാർഡിന്റെ മധുരം ഇദ്ദേഹത്തെ തേടിയെത്തിയത്. വിദ്യാർത്ഥികളും സമൂഹത്തോടുള്ള പ്രതിബദ്ധത ഉള്ള അംഗീകാരമാണ് ഈ അവാർഡ്. സ ്കൂൾതലത്തിൽ അനുകരണീയമായ പേര് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഇദ്ദേഹത്തിൻറെ നേതൃത്വത്തിലാണ് സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ ഫിഷറീസ് സ്കൂളിന് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചത്. സാക്ഷരതാ അസിസ്റ്റൻറ് പ്രൊജക്ട് ഓഫീസർ, എസ് എസ് എ തൃശ്ശൂർ ജില്ലാ പ്രോഗ്രാം ഓഫീസർ, ശാസ്ത്ര സാഹിത്യ പരിഷത്ത് മതിലകം മേഖല പ്രസിഡൻറ്, ശാസ്ത്ര സാഹിത്യപരിഷത്ത് പുറത്തിറക്കിയ കണക്കറിവ്, ഗണിത കൗതുകം, കണക്കിന്റെ കിളിവാതിൽ എന്നീ പുസ്തകങ്ങളുടെ സഹരചയിതാവ് എന്നീ നിലകളിലും അദ്ദേഹം ശ്രദ്ധ നേടി. അവിട്ടത്തൂർ എൽ.ബി.എസ് എം. അദ്ധ്യാപികയായ ഹസിതയാണ് ഭാര്യ. ഡൽഹി യൂണിവേഴ്സിറ്റി എം.എ.സോഷ്യാളജി വിദ്യാർഥിനിയായ അനാമിക മകളാണ്.

## അന്താരാഷ്ട്ര നാളികേരദിനം സംസ്ഥാനതല ഉദ്ഘാടനം രണ്ടിന്

അന്താരാഷ്ട്ര നാളികേരദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ രണ്ട് രാവിലെ പത്ത് മണി വെള്ളാനിക്കര കാർഷിക സർവകലാശാല സെൻട്രൽ ഓഡിറ്റോറിയത്തിൽ സ്പീക്കർ പി രാമകൃഷ്ണൻ നിർവഹിക്കും. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അദ്ധ്യക്ഷത വഹിക്കും. കാർഷിക പ്രദർശനം ടി എൻ പ്രതാപൻ ഉദ്ഘാടനം ചെയ്യും. ആർഎഎഎഫ്ടിഎആർ-എബിഐ സർട്ടിഫിക്കറ്റ് വിതരണം ചീഫ് വിപ്പ് അഡ്വ. കെ രാജൻ നിർവഹിക്കും. എൻഎഎഫ്ഇപി -കാസ്റ്റ് നാഷണൽ കോർഡിനേറ്റർ ഡോ. പ്രോബീർ കുമാർഘോഷ് പദ്ധതി വിശദീകരിക്കും. കാർഷികോൽപാദന കമ്മീഷണർ ഡി കെ സിങ്ങ്, കൃഷി ഡയറക്ടർ രത്തൻ

ഖേൽക്കർ, കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു, രജിസ്ട്രാർ ഡോ. ഡി ഗിരിജ എന്നിവർ പങ്കെടുക്കും. ഇതിന്റെ ഭാഗമായി കാർഷിക ക്ലിനിക്ക്, സെമിനാർ എന്നിവയുണ്ടാകും.

## ലൈഫ് പദ്ധതി:<br>16 വീടുകളുടെ താക്കോൽ കൈമാറി

എടവിലങ്ങ് പഞ്ചായത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി 16 വീടുകളുടെ താക്കോൽദാനം കൈപ്പമംഗലം എംഎൽഎ ഇ.ടി ടൈസൺ മാസ്റ്റർ നിർവഹിച്ചു. എടവിലങ്ങ് പഞ്ചായത്ത് പ്രസിഡൻറ് എ.പി ആദർശ് അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്തംഗം നൗഷാദ് കൈത വളപ്പിൽ, ബി.ജി. വിഷ്ണു, പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി തങ്കപ്പൻ, സെക്രട്ടറി അബ്ദുൾ ജലീൽ, പഞ്ചായത്ത് അംഗങ്ങളായ കെ.കെ. രമേഷ് ബാബു, സുമ വത്സൻ, എം.ജി അനിൽകുമാർ, എം.വി. ഇന്ദിര, വി.ഇ.ഒ കെ.ബി. ഷജിത എന്നിവർ പങ്കെടുത്തു. പദ്ധതി പ്രകാരം നിർമ്മിക്കുന്ന ബാക്കി വീടുകൾ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറും.

## പൂമംഗലം സമഗ്ര കുടിവെള്ള പദ്ധതി യാഥാർഥ്യമാകുന്നു

പൂമംഗലം പഞ്ചായത്തിലെ സമ്പൂർണ കുടിവെള്ള പദ്ധതി യാഥാർഥ്യമാകുന്നു. നബാർഡിന്റെ സഹായത്തോടെ കാട്ടൂർ, പടിയൂർ, പൂമംഗലം, കാറളം പഞ്ചായത്തുകൾക്കു വേണ്ടി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായാണ് പൂമംഗലത്ത് പദ്ധതി വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി പൂമംഗലം കൽപ്പറമ്പ് കോളനിയിൽ സ്ഥാപിച്ചിരിക്കുന്ന 5.4 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക് നിന്നുള്ള പമ്പിംഗ് ലൈനിലൂടെ വെള്ളം പമ്പ് ചെയ്തു ട്രയൽ റൺ നടത്തി. ശേഷം ഡിസ്ട്രിബ്യൂഷൻ പൈപ്പിലൂടെ യും എല്ലായിടത്തും വെള്ളം എത്തിച്ച് പരിശോധന പൂർത്തിയാക്കി. പദ്ധതിയുടെ ഉദ്ഘാടനം ഓണത്തിനു ശേഷം വിപുലമായ രീതിയിൽ നടത്തുമെന്ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അറിയിച്ചു.

2012 ലാണ് 40 കോടി രൂപ ചെലവിൽ സമ്പൂർണ കുടിവെള്ള പദ്ധതി ആരംഭിച്ചത്. നബാർഡ് പദ്ധതിയുടെ ഭരണാനുമതി അടങ്കൽ തുക 27.9 കോടിയും കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ ഭരണാനുമതി അടങ്കൽ തുക 10.9 കോടിയുമാണ്. 2014ൽ കാട്ടൂർ പഞ്ചായത്തിലാണ് ആദ്യമായി കുടിവെള്ള വിതരണം ആരംഭിച്ചത്. 2018ൽ കാറളം, പടിയൂർ പഞ്ചായത്തുകളിലും 2019ൽ പടിയൂർ പഞ്ചായത്തിലും കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്തു. 1582 കണക്ഷനുകളാണ് നിലവിലുള്ളത്. നാല് പഞ്ചായത്തുകളിലായി പദ്ധതി പൂർത്തീകരിക്കുമ്പോൾ 272 കിലോമീറ്ററോളം ദൈർഘ്യമുള്ള വിതരണ ശൃംഖല വഴി 1,30,885 പേർക്കാണ് ഈ പദ്ധതി ഗുണകരമാവുക. നാല് പഞ്ചായത്തുകളിലായി പ്രതിദിനം ആളോഹരി 70 ലിറ്റർ വീതം, 91 ലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കുടിവെള്ളത്തിന് ഏറെ പ്രയാസമനുഭവിക്കുന്ന പഞ്ചായത്തായിരുന്നു പൂമംഗലം. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കുടിവെള്ളക്ഷാമത്തിന് അറുതിയാകും എന്ന ആശ്വാസത്തിലാണ് പ്രദേശവാസികൾ.

## ഇനി പെരുമ്പടപ്പ് ഗവ. എൽ.പി.സ്കൂളിൽ<br>പ്രാതൽ കഴിക്കാം

എടത്തിരുത്തി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം ചെന്ത്രാപ്പിന്നി പെരുമ്പടപ്പ് എൽ.പി.സ്കൂളിൽ പ്രതാൽ നൽകുന്നു. വിദ്യാലയത്തിലെ നൂറ് വിദ്യാർത്ഥികൾക്കാണ് സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ പ്രഭാതഭക്ഷണം നൽകുന്നത്. കുടുംബശ്രീ യൂണിറ്റുകൾക്കാണ് ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്ന ചുമതല. 2.70 ലക്ഷം രൂപയാണ് പദ്ധതിക്കായി

പഞ്ചായത്ത് വിനിയോഗിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് പദ്ധതി ഉദ്ഘാടനം ചെയ്തു. വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രഞ്ജിനി സത്യൻ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് എ.വി.സതീഷ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ഗീതാ മോഹൻദാസ്, ടി.വി. മനോഹരൻ, പഞ്ചായത്തംഗങ്ങളായ രജിതബാലൻ, നൗമി പ്രസാദ്, ഹേന രമേഷ്, ഷിഹാസ് മുറിത്തറ, സി.ഡി.എസ് ചെയർപേഴ്സൺ ഐഷാബി മുഹമ്മദ്, സ്കൂൾ പ്രധാനധ്യാപിക മിനി ഭായ് തുടങ്ങിയവർ പങ്കെടുത്തു.

## വനഅദാലത്ത് രണ്ടിന്

വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരത്തിന് അദാലത്ത് നടത്തുന്നു. തൃശൂർ ജില്ലയിലെ അദാലത്ത് സെപ്റ്റംബർ രണ്ട് രാവിലെ 10.30 ന് ചാലക്കുടി എസ്എൻജി ട്രസ്റ്റ് ഓഡിറ്റോറിയത്തിൽ നടക്കും. വനഅദാലത്ത് വനം-വന്യജീവി വകുപ്പ് മന്ത്രി അഡ്വ. കെ രാജു ഉദ്ഘാടനം ചെയ്യും. ബി ഡി ദേവസ്സി എംഎൽഎ അദ്ധ്യക്ഷത വഹിക്കും. ഫോൺ: 0480- 2701340, 9447979052.

## ചിത്രരചന മത്സരം

തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം സർക്കാർ, എയ്ഡഡ്, സിബിഎസ്ഇ സ്കൂൾ വിദ്യാർത്ഥികൾക്കായി ചിത്രരചന മത്സരം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ എഴ് രാവിലെ 9.30 മുതൽ ഒരു മണിവരെ തൃശൂർ ചെമ്പൂക്കാവിലുള്ള കെ കരുണാകരൻ സ്മാരക ടൗൺഹാളിലാണ് മത്സരം. എൽപി, യുപി വിദ്യാർത്ഥികൾക്ക് പ്രത്യേക മത്സരം ഉണ്ടായിരിക്കും. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക വിഷയം നൽകും. എൽപി വിഭാഗങ്ങൾക്ക് ക്രയോൺസും അഞ്ച് മുതൽ പത്ത് വരെയുള്ള വിദ്യാർത്ഥികൾക്ക് വാട്ടർ കളർ/ഓയിൽ പെയിന്റും ഉപയോഗിക്കാം. രജിസ്ട്രേഷൻ ഫീസില്ല. പങ്കെടുക്കാൻ താൽപര്യമുള്ളവർ സെപ്റ്റംബർ എഴിനകം തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലോ താലൂക്ക് വ്യവസായ കേന്ദ്രത്തിലോ അപേക്ഷ നൽകണം. അപേക്ഷ gm.tsr.dic@kerala.gov.in എന്ന ഇ-മെയിലോ അയ്ക്കാം. ഫോൺ 0487-2261945, 9497655372, 9446466045.

## ഭക്ഷ്യ കമ്മീഷന്റെ ജില്ലാതല ബോധവത്കരണം

സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ നേതൃത്വത്തിൽ ദേശീയ ഭക്ഷ്യ ഭദ്രത നിയമം മുൻനിർത്തി ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താൻ നിലവിൽ വന്ന ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താനും അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പുവരുത്താനും കാലാവധി കഴിഞ്ഞ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നത് കർശനമായി നിരോധിക്കാനും കമ്മീഷൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് മികച്ച സേവനങ്ങൾ നൽകാൻ ഉദ്യോഗസ്ഥരിൽ നിന്നുള്ള നിർദേശങ്ങളും ആശയങ്ങളും യോഗത്തിൽ ചർച്ചചെയ്തു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ബോധവത്കരണ പരിപാടിയിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാൻ മോഹൻകുമാർ ക്ലാസ്സെടുത്തു. അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് റെജി ജോസഫ്, ഭക്ഷ്യ കമ്മീഷൻ അംഗങ്ങളായ ദിലീപ്കുമാർ, വി രമേശൻ, അഡ്വ. പി വസന്ത, അഡ്വ വിജയലക്ഷ്മി, ജില്ലാ സപ്ലൈ ഓഫീസർ എം വി ശിവകാമി അമ്മാൾ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, നൂൺമീൽ ഓഫീസർമാർ, വനിത ശിശുവികസനവകുപ്പ് ഓഫീസർമാർ, ഐ സി ഡി എസ് സൂപ്പർവൈസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർമാർ എന്നിവർ പങ്കെടുത്തു.

## വാക്ക്-ഇൻ-ഇന്റർവ്യൂ

ചാലക്കുടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഈ അദ്ധ്യയന വർഷം കരാർ അടിസ്ഥാനത്തിൽ ഈ അധ്യയന വർഷം ലൈബ്രേറിയനെ നിയമിക്കുന്നതിന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ലൈബ്രറി സയൻസിൽ ബിരുദവും കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറികളിൽ മൂന്ന് വർഷത്തെ

പ്രവൃത്തിപരിചയവുമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, ജാതി യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം സെപ്റ്റംബർ നാല് രാവിലെ 10.30 ന് അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2706100.

# ജില്ലാ വികസന സമിതി ഇന്ന് (ആഗസ്റ്റ് 31)

ജില്ലാ വികസന സമിതി യോഗം ഇന്ന് (ആഗസ്റ്റ് 31) രാവിലെ 11 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

# ഹരിത നിയമാവലി ഏകദിന ബോധവൽക്കരണം

മാള ബ്ലോക്ക് പഞ്ചായത്ത് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമ പഞ്ചായത്തുകളിൽനിന്നുള്ള റിസോഴ് സ്പേഴ്സൺമാർക്കായി ഹരിതനിയമാവലി ഏക ദിന ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഇ.കേശവൻകുട്ടി ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. ഹരിത കേരളം മിഷൻ റിസോഴ്സ്പേഴ്സൺ എം.എ.അനില പദ്ധതി വിശദീകരണം നടത്തി. മാള ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അഞ്ചു പഞ്ചായത്തുകളിൽ നിന്നായി 90 വാർഡുകളെ പ്രതിനിധീകരിച്ച് 29 റി സോഴ്സ് പേഴ്സൺമാർ ഏകദിനപരിശീലനത്തിൽ പങ്കെടുത്തു. ഹരിതനിയമങ്ങൾ ക്യാമ്പയിന്റെ പ്രസക്തി, പൊലീസുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ജല മലിനീകരണത്തിനെതിരേയുള്ള നിയമങ്ങൾ, മാലിന്യസംസ്കരണവും കേരള പഞ്ചായത്തീരാജ് മുനിസിപ്പാ ലിറ്റി നിയമങ്ങൾ, പരിസ്ഥിതി സംരക്ഷണനിയമവും അനുബന്ധ ചട്ടങ്ങളും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം എന്നിങ്ങനെ ഏഴ് വിഷയങ്ങളിലായി ക്ലാസ്സുകളും തുടർന്ന് ചർച്ചയും നടന്നു. പൊയ്യ ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി പി.കെ.സുജൻ, മാള പൊലീസ് സബ് ഇൻസ്പെക്ടർ എൻ.വി.ദാസൻ ആളൂർ പ്രാഥമികാരോഗ്യകേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ ജോബി, കുഴൂർ ഗ്രാമപഞ്ചായത്ത് അസി.സെ ക്രട്ടറി ഗ്രേസി.കെ.കെ, കില സീനിയർ ഫാക്കൽറ്റി മെമ്പർ വി.കെ.ശ്രീധരൻ, അന്നമനട ഗ്രാമപഞ്ചാ യത്ത് അസി. സെക്രട്ടറി കെ.എ.ശ്രീലത, പൊയ്യ കുടുംബ ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ ബിജു തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

# സാംസ്കാരികോത്സവം ഉദ്ഘാടനം ഇന്ന് (ആഗ. 31)

വടുതല ഗവ. യു പി സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് (ആഗസ്റ്റ് 31) സാംസ്കാരികോ ത്സവങ്ങളുടെ ഉദ്ഘാടനം നടക്കും. വൈകീട്ട് 4ന് കവി റഫീക്ക് അഹമ്മദ് ഉദ്ഘാടനം ചെയ്യും. ആലങ്കോട് ലീലാകൃഷ്ണൻ മുഖ്യാതിഥിയാവും. തുടർന്ന് ആറങ്ങോട്ടുകര കലാപാഠശാലയുടെ ഇടനിലങ്ങൾ എന്ന നാടകം അരങ്ങേറും. 2020 ഫെബ്രുവരി വരെ നീളുന്ന ശതാബ്ദി ആഘോഷങ്ങളിൽ നാടകം, സാഹിത്യം, ശാസ്ത്രം, കൃഷി, ചരിത്രം, സംഗീതം, നൃത്തം തുടങ്ങിയ രംഗങ്ങളിൽ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, നാട്ടുകാർ എന്നിവരെ താത്പര്യമുള്ളവരാക്കുക എന്ന ലക്ഷ്യവുമുണ്ടെന്ന് ശതാബ്ദി ആഘോഷ സമിതി കൺവീനർ വി.കെ. ശ്രീരാമൻ അറിയിച്ചു.

# ഓണാഘോഷം: സംഘാടക സമിതി യോഗം

വിനോദസഞ്ചാര വകുപ്പ് നടത്തുന്ന ജില്ലാതല ഓണാഘോഷത്തിന്റെ സംഘാടക സമിതി യോഗം സെപ്റ്റംബർ രണ്ട് ഉച്ച ഒന്നിന് ജില്ലാ പ്ലാനിങ്ങ് ഓഫീസ് ഹാളിൽ ചേരും.

## സ്കൂൾ പൗൾട്രി ക്ലബ് ഉദ്ഘാടനം ചെയ്തു

ജില്ലാ വെറ്റിനറി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ പൗൾട്രി ക്ലബ് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. 50 കുട്ടികൾക്ക് കോഴികുഞ്ഞുങ്ങൾ വിതരണം ചെയ്താണ് ഉദ്ഘാടനം നിർവഹിച്ചത്. വളരുന്ന തലമുറയെ മൃഗപരിപാലനത്തോട് ആഭിമുഖ്യമുള്ളവരാക്കുന്നതിനോടൊപ്പം പോഷക ആഹാരം ലഭ്യത ഉറപ്പ് വരുത്തുന്ന ഈ പദ്ധതിയിലൂടെ മൃഗസംരക്ഷണ വകുപ്പ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. കോർപ്പറേഷൻ മേയർ അജിത വിജയൻ, ഡോ. സി ജെ സോജി, ഡോ. എം കെ ഗിരിജ, കെ മഹേഷ്, ഉണ്ണികൃഷ്ണൻ മാടമ്പത്ത്, സ്കൂൾ സൂപ്രണ്ട് പി കെ സജീഷ് തുടങ്ങിയവർ പങ്കെടുത്തു.

## കുന്നംകുളത്ത് പുനർ നിർമിച്ചു നൽകിയ 6 വീടുകളുടെ താക്കോൽദാനം നടത്തി

കാലപ്പഴക്കവും മഴക്കെടുതിയും മൂലം കഴിഞ്ഞ പ്രളയകാലത്ത് തകർന്ന ആറ് വീടുകൾ കുന്നംകുളം നഗരസഭ പുനർ നിർമിച്ചു നൽകി. നഗരസഭയിലെ ചെമ്മണ്ണൂരിലാണ് പി എം എ വൈ പദ്ധതി പ്രകാരം വീടുകൾ പുനർ നിർമിച്ചത്. അടിസ്ഥാന സൗകര്യങ്ങളുള്ള പ്രത്യേക വീടുകളാണ് ഇപ്പോൾ നിർമിച്ചിട്ടുള്ളത്. ഓരോ വീടുകൾക്കും 4 ലക്ഷം രൂപയാണ് ചെലവഴിച്ചത്. വീടുകളുടെ താക്കോൽദാനം കുന്നംകുളം നഗരസഭ ചെയർപേഴ്സൻ സീതാ രവീന്ദ്രൻ നിർവഹിച്ചു. വൈസ് ചെയർമാൻ പി. എം സുരേഷ് അധ്യക്ഷത വഹിച്ചു. നഗരസഭ സെക്രട്ടറി കെ.കെ മനോജ് റിപ്പോർട്ട് അവതരിപ്പിച്ചു. സ്ഥിരം സമിതി അധ്യക്ഷന്മാരായ ഗീത ശശി, കെ.കെ മുരളി, സുമ ഗംഗാധരൻ, കെ.കെ ആനന്ദൻ, മിഷ സെബാസ്റ്റ്യൻ, കൗൺസിലർമാരായ ഒ.ജി ബാജി, കെ. എ അസീസ്, ബിജു സി ബേബി, കെ.എ സോമൻ, പുഷ്പാ ജോൺ എന്നിവർ സംസാരിച്ചു.

## അസാപ്: ജില്ലാതല യോഗം ചേർന്നു

അസാപ്പിന്റെ 2018-19 അദ്ധ്യയന വർഷത്തെ ജില്ലാതല കമ്മിറ്റി യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. എഡിഎം റെജി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. അസാപിന്റെ നൂതന പദ്ധതികളായ ഷീ-സ്കീൽസ്, അഡ്വാൻസ്ഡ് സ്കിൽ ഡവലപ്പ്മെന്റ് സെന്റർ, കമ്മ്യൂണി കോളേജുകൾ എന്നിവ പരിചയപ്പെടുത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയ പ്രകാശ്, ജില്ലാ പ്രോഗ്രാം മാനേജർ എം എ സുമി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കാട്ടുപന്നിക്ക് ആന്ത്രാക്സ്യെന്ന് പോസ്റ്റ്മാർട്ടം റിപ്പോർട്ട്: പരിഭ്രാന്തി വേണ്ട

തൃശൂർ ജില്ലയിലെ അതിരപ്പിള്ളി പഞ്ചായത്തിനോട് തൊട്ടടുത്ത് കിടക്കുന്ന എറണാകുളം ജില്ലയിലെ അയ്യമ്പുഴ പഞ്ചായത്തിലെ പ്ലാന്റേഷൻ ഏരിയയിൽ നിന്ന് വനം വകുപ്പിന് കിട്ടിയ കാട്ടുപന്നിയുടെ ജഡം മണ്ണുത്തി വെറ്ററിനറി കോളേജിൽ പോസ്റ്റമാർട്ടം ചെയ്ത് പരിശോധിച്ചപ്പോൾ ആന്ത്രാക്സ് രോഗബാധയാണെന്ന് കണ്ടെത്തിയതായി ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. ഇത് സംബന്ധിച്ച് കർഷകർ പരിഭ്രാന്തരാകേണ്ടതിന്റെ ആവശ്യമില്ലെന്നും അവർക്ക് ഈ വിഷയത്തിൽ ബോധവൽക്കരണം നൽകിയതായും അറിയിച്ചു. ഇതിനെ തുടർന്ന് ആഗസ്റ്റ് 31 മുതൽ മൃഗസംരക്ഷണ വകുപ്പ്, വെറ്ററിനറി കോളേജ്, വനം വകുപ്പ്, അതിരപ്പിള്ളി പഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ബോധവൽക്കരണപരിപാടി നടത്താനും പ്രതിരോധ വാക്സിനേഷൻ തുടങ്ങുവാനും തീരുമാനിച്ചു.

## കോൾ മേഖലകളിലെ റിങ് ബണ്ടുകളുടെ നിർമ്മാണം ദ്രുതഗതിയിലാക്കണം: കൃഷി മന്ത്രി

ജില്ലയിലെ കോൾ മേഖലയുമായി ബന്ധപ്പെട്ട എനമാവ്, ഇടിയഞ്ചിറ, മുനയം എന്നീ താൽക്കാലിക ബണ്ടുകളുടെ നിർമ്മാണം ദ്രുതഗതിയിലാക്കണമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ഇതിന് ഒരാഴ്ച്ചയ്ക്കുള്ളിൽ

ധനപരമായ  അനുമതി നൽകാൻ ചീഫ് എഞ്ചിനീയർക്ക് മന്ത്രി നേരിട്ട് നിർദേശം നൽകി. നവംബർ മാസത്തിൽ ബണ്ട് നിർമ്മാണം ആരംഭിക്കണമെന്നും മന്ത്രി കളക്ടറുടെ ചേംബറിൽ ചേർന്ന തൃശൂർ-പൊന്നാനി കോൾ വികസന സമിതി യോഗത്തിൽ പറഞ്ഞു. ഇതിന് അധിക മണ്ണ് ആവശ്യമെങ്കിൽ കുറാഞ്ചേരിയിൽനിന്ന് ശേഖരിച്ച് സൂക്ഷിക്കാം. എനമാവിൽ സ്ഥിരം ബണ്ട് നിർമ്മിച്ച് കോൾ പടവുകളിലെ ജലക്രമീകരണത്തിന് സ്ഥിരം സംവിധാനം ഒരുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക കണ്ടെത്തി സ്ഥിരം സംവിധാനം ഒരുക്കും. റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി 330 കോടിരൂപയുടെ പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ഇതിൽ തൃശൂർ-പൊന്നാനി കോൾ മേഖലയുടെ വികസനത്തിന് പ്രത്യേക പരിഗണന നൽകുമെന്നും മന്ത്രി പറഞ്ഞു.

പ്രളയത്തെ തുടർന്ന് കോൾ നിലങ്ങളിൽ കയറിയ വെള്ളം ഒഴുക്കികളയുന്നതിനുള്ള  നടപടികൾ അതിവേഗം കൈകൊള്ളാൻ യോഗം തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കനാലുകളിലെ ചെളി നീക്കം ചെയ്യുകയും കോൾ നിലങ്ങളിൽ അടിഞ്ഞുകൂടിയ കുളവാഴ, ചണ്ടി എന്നിവ നീക്കുകയും ചെയ്യും. ഇതിന്റെ കണക്കെടുപ്പ് നടത്തി ഈ പ്രവർത്തനങ്ങൾ അതിവേഗം നടത്താൻ കെഎൽഡിസിയെ യോഗം ചുമതലപ്പെടുത്തി. ഇവ നീക്കംചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനങ്ങളിൽനിന്നുള്ള നിർദേശങ്ങളും ആവശ്യങ്ങളും ജില്ലാ വികസന സമിതി യോഗത്തിൽ ചർച്ച ചെയ്യും. കോൾപടവുകളിലെ വെള്ളം ഒഴുകിപോകുന്നതിന് തടസം സൃഷ്ടിക്കുന്ന പ്രവർത്തികൾ ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിനെതിരെ ജില്ലാ കളക്ടർ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് അനുസരിച്ച് കർശന നടപടി സ്വീകരിക്കാനും യോഗത്തിൽ തീരുമാനമായി. അടുത്തഘട്ട കൃഷിയിറക്കലുമായി ബന്ധപ്പെട്ട് പ്രളയത്തിൽ നശിച്ച സ്ലൂയിസുകളും കൾവർട്ടുകളും പരമാവധി പുനർനിർമ്മിക്കാൻ അടിയന്തിര ഇടപെടൽ നടത്താനും യോഗം നിർദേശിച്ചു. പുഞ്ച സ്പെഷ്യൽ ഓഫീസർമാരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്ന പ്രവണത അവസാനിപ്പിക്കുമെന്നും പൊന്നാനി മേഖലയിൽനിന്നുള്ള ഉദ്യോഗസ്ഥർ യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കണമെന്നും കൃഷിമന്ത്രി പറഞ്ഞു. കർഷക പ്രതിനിധികളുടെ ആവശ്യം പരിഗണിച്ച് സമിതിയുടെ ജനറൽ ബോഡി ഒക്ടോബർ 5 ന് തൃശൂർ ടൗൺഹാളിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ സാന്നിധ്യത്തിൽ നടത്താൻ തീരുമാനിച്ചതായി യോഗാധ്യക്ഷൻ ടി.എൻ. പ്രതാപൻ എം.പി. യോഗത്തിൽ അറിയിച്ചു. ഒപ്പം ഒക്ടോബർ മാസത്തിൽ തൃശൂർ മേഖലയിൽ 15000 തെങ്ങിൽ തൈകളും പൊന്നാനി മേഖലയിൽ 10000 തെങ്ങിൻതൈകളും വയ്ക്കുന്ന പരിപാടി സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു.  ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, എം.എൽ.എമാരായ മുരളി പെരുനെല്ലി, അനിൽ അക്കര, ജില്ലാ കളക്ടർ എസ്. ഷാനവാസ്, സബ്ബ് കളക്ടർ അഫ്സാന പർവീൺ, സമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.